A

# സമഗ്ര ശിക്ഷാ കേരളം

506

## അർധവാർഷിക മൂല്യനിർണ്ണയം 2024-2025

## അടിസ്ഥാനശാസ്ത്രം

ക്ലാസ് - 5 സമയം : 2 മണിക്കൂർ

**നിർദേശങ്ങൾ**


1 മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

2 ആകെ 7 പ്രവർത്തനങ്ങളുണ്ട്. അതിൽ 5 പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതുക.

**പ്രവർത്തനം 1**

എ) മാതൃസസ്യത്തിൽ നിന്നും പല സ്ഥലങ്ങളിലേക്ക് വിത്തുകൾ എത്തപ്പെടുന്നതാണ് വിത്തു വിതരണം. വിത്തുവിതരണത്തിനുള്ള വിവിധ മാർഗങ്ങൾ ഏതെല്ലാം?

1) ജന്തുക്കൾ വഴി 2) .................. 3) .................. 4) ..................


ബി) മുകളിൽ കൊടുത്തിരിക്കുന്ന ഫലങ്ങളിൽ വിത്തുവിതരണത്തിന് സഹായകമായ അനുകൂല ഘടകങ്ങൾ ഏതെല്ലാം?

സി) താഴെ കൊടുത്തിരിക്കുന്നവയിൽ പൊട്ടിത്തെറിച്ച് വിത്തുവിതരണം ചെയ്യുന്ന സസ്യം ഏത്? (വെണ്ട, പേര, അപ്പൂപ്പൻതാടി, തക്കാളി)

**പ്രവർത്തനം 2**

എ) വിത്തുമുളയ്ക്കലുമായി ബന്ധപ്പെട്ട പരീക്ഷണത്തിനുള്ള ചില സാമഗ്രികൾ താഴെ കൊടുത്തിരിക്കുന്നു.

സ്റ്റീൽ ഗ്ലാസ്

പയർ

....................................

....................................


വിത്തുമുളയ്ക്കുന്നതിന് പ്രകാശം ആവശ്യമാണോ എന്നുകണ്ടെത്തുന്നതിനുള്ള പരീക്ഷണസാമഗ്രികളും പരീക്ഷണരീതിയും എഴുതുക.

ബി) വിത്തുമുളച്ച് ഇല ഉണ്ടാകുന്നതുവരെ ചെടിയ്ക്ക് ആഹാരം ലഭിക്കുന്നത് എവിടെ നിന്നാണ്?

സി) താഴെ പറയുന്നവയിൽ വിത്തുമുളച്ച് ആദ്യം പുറത്തുവരുന്ന ഭാഗം ഏതാണ്?

- ബീജമൂലം
- ബീജപത്രം
- ബീജശീർഷം
- വേര്

പ്രവർത്തനം 3




എ) മുകളിൽ കൊടുത്തിരിക്കുന്ന ആഹാരശൃംഖലാജാലത്തിൽ കുറുക്കന്റെ എണ്ണം കുറഞ്ഞാൽ എന്തുസംഭവിക്കും?

ബി) സസ്യങ്ങളിൽ നടക്കുന്ന വാതകവിനിമയവുമായി ബന്ധപ്പെട്ട ചിത്രീകരണത്തിൽ വിട്ടുപോയ വാതകങ്ങളുടെ പേരെഴുതുക.

1) ............................................................

2) ..................................................




3) ............................................

4) ...............................................................

സി) ചുവന്ന ചീരയ്ക്ക് ചുവപ്പുനിറം നൽകുന്ന വർണ്ണകമേത്?

1) ആന്തോസയാനിൻ
2) സാന്തോഫിൽ
3) ഹരിതകം
4) കരോട്ടിൻ

പ്രവർത്തനം 4

എ) താഴെ കൊടുത്തിരിക്കുന്ന ചിത്രീകരണം പൂർത്തിയാക്കുക.



ബി) മാതൃകപോലെ കളങ്ങൾ പൂർത്തിയാക്കുക

| പദാർഥം | അവസ്ഥ |
|---|---|
| ജലം | ദ്രാവകം |
| ഐസ് | (1) ........................... |
| (2) ........................ | വാതകം |

സി) താഴെകൊടുത്തിരിക്കുന്നവയിൽ മഴവെള്ളസംഭരണമാർഗം അല്ലാത്തതേത്?

1) കയ്യാല നിർമ്മിക്കുക.
2) തടയണ കെട്ടുക.
3) മുറ്റം കോൺക്രീറ്റ് ചെയ്യുക
4) കിണർ റീചാർജിംഗ് നടത്തുക.

**പ്രവർത്തനം 5**

എ) വേരുകളുടെ സവിശേഷതകൾ മനസിലാക്കാനായി ഒരു കുട്ടി കണ്ടെത്തിയ സസ്യങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. അവയെ അനുയോജ്യമായ രീതിയിൽ കൂട്ടങ്ങളാക്കുക.

| |
|---|
| മാവ്, തെങ്ങ്, പുല്ല്, പ്ലാവ്, നെല്ല്, പേര, മുള |


ബി) ഓരോ കൂട്ടത്തിലും ഉൾപ്പെട്ട സസ്യങ്ങളിലെ ഇലകളുടെ സവിശേഷത എന്ത്?

സി) മുകളിൽ സൂചിപ്പിച്ച തരത്തിൽ വേരും ഇലയും തമ്മിൽ ബന്ധം കാണിക്കാത്ത സസ്യജോഡി ഏത്?

1) ഗോതമ്പ്, ചേമ്പ്
2) ചേമ്പ്, ചേന
3) ചേന, വാഴ
4) പയർ, വാഴ

**പ്രവർത്തനം 6**

എ) ചിത്രീകരണം നിരീക്ഷിക്കൂ.



ചിത്രത്തിൽ കാണിച്ചിരിക്കുന്ന ആകാശഗോളങ്ങളുടെ കൂട്ടവുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് ചുവടെ കൊടുത്തിരിക്കുന്നത്. രണ്ടെണ്ണം കൂടി എഴുതുക.

- സൂര്യനാണ് കേന്ദ്രം
- ആകാശഗോളങ്ങൾ സൂര്യനെ ചുറ്റുന്ന സഞ്ചാരപാതയാണ് പരിക്രമണപഥം.


1) ..............................................................................................................

2) ..............................................................................................................

ബി) കൃത്രിമോപഗ്രഹങ്ങളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തീകരിക്കുക.

| കൃത്രിമോപഗ്രഹം | ഉപയോഗം |
|---|---|
| ഇൻസാറ്റ് | വാർത്താവിനിമയം |
| എഡ്യൂസാറ്റ് | 1) ............................ |
| 2) ............................ | പ്രതിരോധം |

സി)



ഈ നക്ഷത്രഗണത്തിന്റെ പേരെന്ത്?

1) സപ്തർഷി 2) വേട്ടക്കാരൻ 3) കശ്യപി 4) എയ്‌രിസ്

**പ്രവർത്തനം 7**

താഴെ നൽകിയിട്ടുള്ള സന്ദർഭങ്ങൾ ശ്രദ്ധിക്കൂ.

നാരങ്ങാവെള്ളത്തിൽ പൊടിയുപ്പ് ചേർക്കുന്നു

നാരങ്ങാവെള്ളത്തിൽ കല്ലുപ്പ് (പരലുപ്പ്) ചേർക്കുന്നു

എ) ഈ രണ്ടു സന്ദർഭങ്ങളിൽ എതിലാണ് വേഗത്തിൽ ഉപ്പ് അലിഞ്ഞു ചേരുന്നത്? എന്തുകൊണ്ട്?

ബി) വസ്തുക്കളുടെ ലയനവേഗത്തെ സ്വാധീനിക്കുന്ന മറ്റു രണ്ടു ഘടകങ്ങൾ എതെല്ലാം?

സി) താഴെകൊടുത്തിരിക്കുന്ന ഫ്ലോചാർട്ട് പൂർത്തിയാക്കുക.

1) ..................... ← ചൂടാക്കുന്നു. — ജലം — തണുപ്പിക്കുന്നു. → 2) .....................